അടങ്കൽ തുകവരുന്ന 8 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. (വിശദീകരണക്കുറിപ്പ് കാണുക)* അവയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് 37.67 കോടി

2. നാളികേര കീടരോഗം തടയുന്നതിന് ഡെമോൺസ്ട്രേഷൻ 140.90 ലക്ഷം

3. വെളിച്ചെണ്ണ ആട്ടോമൊബൈൽ ഓയിലായി ഉപയോഗിക്കുന്നതിനെക്കുറിച്ച് സ്റ്റഡി 9.92 ലക്ഷം രൂപ

4. ഇളനീർ കോൺസൺട്രേറ്റ് വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് 9.95 ലക്ഷം രൂപ

5. ഇന്റഗ്രേറ്റഡ് കോക്കനട്ട് പ്രോസസ്സിംഗ് 160 ലക്ഷം രൂപ

6. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് 21.15 ലക്ഷം രൂപ

7. നാളികേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് കേരഫെഡ് 50 ലക്ഷം രൂപ.

8. രോഗവിമുക്ത തെങ്ങുകൾ കണ്ടുപിടിക്കുന്നതിന് ആന്റിസീറം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ.

ചന്ദനതൈലം നിർമ്മിക്കുന്ന ഫാക്ടറികൾ

8 (*218) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉത്പാദിപ്പിക്കുന്ന എത്ര ഫാക്ടറികൾ ഉണ്ട് ;

(ബി) ഈ ഫാക്ടറികൾക്കാവശ്യമായ ചന്ദനം നൽകുവാൻ സംസ്ഥാനത്തിന് കഴിയുമോ ;

(സി) പ്രസ്തുത ഫാക്ടറികൾക്കുവേണ്ടി 2002-2003-ൽ വനംവകുപ്പ് എത്ര ചന്ദനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് ചന്ദന ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) സംസ്ഥാനത്ത് 21 ചന്ദന ഫാക്ടറികൾ ഉണ്ട്. ആയതിൽ 14 ചന്ദന ഫാക്ടറികൾ മാത്രമാണ് ഭാഗീകമായി പ്രവർത്തിക്കുന്നത്.

(ബി) കഴിയില്ല.

(സി) ചന്ദന ഫാക്ടറികൾക്ക് വനംവകുപ്പിൽ നിന്നും നേരിട്ടു ചന്ദനം നൽകിയിട്ടില്ല. എന്നാൽ 2002-2003 സാമ്പത്തികവർഷത്തിൽ നടത്തിയ ചന്ദന ലേലത്തിൽ ശ്രീ. വി. എം. അബൂബക്കർ, റൂറൽ ഇൻഡസ്ട്രീസ്, 358.6 കിലോഗ്രാം ചന്ദനത്തടിയും, 102.1 കി. ഗ്രാം അറക്കപ്പൊടിയും, ശ്രീ. എൻ. എം. അബ്ദുള്ള, ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രീസ്, 1617.8 കിലോഗ്രാം ചന്ദനച്ചീളുകളും, ശ്രീ. വി. മുസ്തഫ വാളയാർ റൂറൽ ഇൻഡസ്ട്രീസ് 1791.1 കിലോഗ്രാം ചന്ദനത്തടിയും ലേലത്തിനെടുത്തിരുന്നു. അതിൽ വാളയാർ റൂറൽ ഇൻഡസ്ട്രീസ് ഒഴികെ മറ്റുള്ളവർ ചന്ദനം നീക്കം ചെയ്തിട്ടുണ്ട്.

(ഡി) ഉദ്ദേശിക്കുന്നില്ല.

പഴങ്ങളിൽ കീടനാശിനി ഉപയോഗിക്കുന്നത് തടയാൻ നടപടി

9 (*219) ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവർഗ്ഗങ്ങൾ കേടു വരാതിരിക്കാൻ വിഷാംശമുള്ള കീടനാശിനികൾ ഉപയോഗിക്കുന്ന കച്ചവടക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(സി) ഏതിനം കീടനാശിനിയാണ് ഇക്കാര്യത്തിനായി ഉപയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പഴവർഗ്ഗങ്ങളിലെ കീടനാശിനി പ്രയോഗം തടയുന്നതിനായി കൃഷി വകുപ്പിൽ എന്തെങ്കിലും നിയമം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) കൃഷി വകുപ്പു മുഖേന നടപടി ഒന്നും സ്വീകരിക്കുന്നില്ല. എന്നാൽ 1954-ലെ 'പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ ആക്ട്' (പി. എഫ്. എ. ആക്ട്) പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly